

# മാക്കീൽ മാർ മത്തായിമെത്രാനവർകളുടെ ജീവചരിത്രസംക്ഷേപം.

---

ചങ്ങനാശ്ശേരിമിസ്സത്തിന്റെ വികാരി അപ്പൊസ്തോലിക്കായും ത്രാലസ് എന്ന ദിക്കിന്റെ ടൈററ്റലർ ബിഷോപ്പുമായ നി. വ. ദി. ശ്രീ. മാക്കീൽ മാർ മത്തായിമെത്രാനവർകൾ ഏററുമാനൂർ താലൂക്കിൽ ചേർന്ന നീണ്ടൂർ കരയിൽ കൈപ്പുഴപ്പള്ളിയിടവകയിൽ ഉൾപ്പെട്ട പൂവത്തിൽതറവാട്ടിലെ ഭക്തിമാന്മാരായ അന്ന, തൊമ്മൻ എന്നീ മാതാപിതാക്കന്മാരിൽനിന്ന് ൧൮൫൧ മീനം ൧൫-ാം൹ "പ്രാലേൽ" എന്ന വിശിഷ്ടകുടുംബത്തിൽ ജനിച്ചു. മാതൃഭാഷാഭ്യാസം കഴിച്ചശേഷം, ഇദ്ദേഹം തന്റെ കാരണവനായ മാക്കീൽ ബഹു. യൗസേഫ് കത്തനാരവർകളുടെ പ്രത്യേക ശ്രദ്ധയ്ക്കു പാത്രീഭവിക്കയും ൧൮൬൬-ൽ നവീനമായി സ്ഥാപിക്കപ്പെട്ട പുത്തൻപള്ളി സിമ്മനാരിയിലെ പ്രഥമവിദ്യാർത്ഥികളിൽ ഒരുവനായി അവിടെ ചേർക്കപ്പെടുകയും ചെയ്തു. അന്ന് അവിടത്തെ റെക്ടരായ് (പിന്നീട് വരാപ്പുഴമിസ്സത്തിന്റെ സഹായമെത്രാനായിതീർന്ന) ക. ദി. സ. ബ. മർസെലീനോസ് ബെരാർദി എന്ന ഇറ്റാലിയൻ മിഷ്യനറി ഇദ്ദേഹത്തെ വൈദികവിദ്യ അഭ്യസിപ്പിക്കയും ൧൮൭൪-ൽ പന്തക്കുസ്താതിരുനാളിന്റെ അവധിക്കു വരാപ്പുഴമിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയ നി. വ. ദി. ശ്രീ. ലെയോനാർദ് മെല്ലാനൊ മെത്രാനവർകളിൽ നിന്നു ഗുരുപ്പട്ടമേററു നവപൂജയണക്കയും ചെയ്തു. ഇതിന്റെ ശേഷം ഇദ്ദേഹത്തെ പ്രസ്തുതസിമ്മനാരിയിൽ സുറിയാനിമല്പാനായി നിയമിച്ചതനുസരിച്ചു രണ്ടുവർഷക്കാലം അവിടെ ജോലി നടത്തുകയും തദനന്തരം ഇദ്ദേഹത്തിന്റെ കാരണവന്റെ അപേക്ഷാനുസരണം തനിക്കു സഹായിയായി ഇദ്ദേഹത്തെ കൈപ്പുഴപ്പള്ളിയിൽ വികാരിതാപ്പേലിക്ക് അയയ്ക്കുകയും ചെയ്തു. അനന്തരം ഇദ്ദേഹം കോട്ടയത്തു ഇടയ്ക്കാട്ടുപള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. അവിടെ ഭരിച്ചിരിക്കുമ്പോൾ വീണ്ടും കൈപ്പുഴപ്പള്ളിയുടെ വികാരിയായിത്തന്നെ നിയമിക്കപ്പെട്ടു. ൧൮൮൯-ൽ കത്തോലിക്ക സുറിയാനിക്കാരെ പൊതുവെ ഭരിച്ചിരുന്ന വരാപ്പുഴ വികാരി അപ്പസ്തോലിക്കാമെത്രാപ്പോലീത്തായുടെ കൊണ്ടു

ഞ്ഞോർ മെത്രാനായ ക. മി. സ. മർസ്‌ലീനോസ് ബെരർദി അവർകൾ തന്റെ സെക്രട്ടറിയായി ഇദ്ദേഹത്തെ നിയമിച്ചു ൧൮൮൭-ൽ കോട്ടയം മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കാ മെത്രാൻ വന്നപ്പോൾ ഇദ്ദേഹം ബ്രഹ്മമംഗലം സെമിനാരിയിൽ തെയോളജി പഠിപ്പിക്കുവാനായി നിയമിക്കപ്പെട്ടു ഇതോടുകൂടി ഒരാണ്ടുവരെ കടുത്തുരുത്തി വലിയപള്ളി, ബ്രഹ്മമംഗലം എന്ന രണ്ടു പള്ളികളുടെ വികാരിത്വജോലി കൂടി ഇദ്ദേഹം നടത്തി. ൧൮൯൦-ൽ കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ ഡോക്ടർ ലവീഞ്ഞു മെത്രാനവർകൾ തെക്കുംഭാഗർക്കും വടക്കുംഭാഗർക്കും പ്രത്യേകം പ്രത്യേകം വികാരി ജനറാളന്മാരെ തിരിച്ചു നിയമിച്ചപ്പോൾ ഇദ്ദേഹത്തെ തെക്കുംഭാഗ വികാരി ജനറാളായി തിരിഞ്ഞെടുത്തു. ഈ വികാരി ജനറാളന്മാർക്കു പൊന്തിഫിക്കാൽ കർബാന ചൊല്ലുന്നതിനും സ്ഥിരീകരണക്രൂദാശകർമ്മം നടത്തുന്നതിനും, ഈ അവസരത്തിൽ വടി, മുടി, കുരിശ്, മോതിരം മുതലായ മെത്രാന്മാർക്കുള്ള സ്ഥാനചിഹ്നങ്ങൾ ധരിക്കുന്നതിനും വിശുദ്ധസിംഹാസനത്തിൽ നിന്നു വിശേഷാനുമതി ലഭിച്ചിട്ടുണ്ടായിരുന്നു

൧൮൯൬-ൽ മലയാളത്തെ സുറിയാനിക്കാർക്കു സ്വജാതിയിൽ നിന്നു മൂന്നു മെത്രാന്മാരെ കൊടുക്കുന്നതിനു വിശുദ്ധസിംഹാസനത്തിൽ നിന്നു നിശ്ചയിച്ചപ്പോൾ ഇതരഭാഗക്കാരുമുള്ളതും മറ്റു രണ്ടു മിസ്സങ്ങളെക്കാൾ ഏറ്റം വലിപ്പമുള്ളതുമായ ചങ്ങനാശ്ശേരി മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയി ഇദ്ദേഹമാണ് തിരിഞ്ഞെടുക്കപ്പെട്ടത്. ഇദ്ദേഹം തന്റെകൂടെ നിയമിക്കപ്പെട്ടവരായ എറണാകുളം മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കാ പഴേപറമ്പിൽ മാർ ളൂയിസ് മെത്രാനവർകളും തൃശ്ശൂർ മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കാ മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാനവർകളും ഒരുമിച്ചു കാണ്ടിയിലെത്തുകയും അവിടത്തെ കത്തീഡ്രൽ പള്ളിയിൽ വെച്ച് കിഴക്കെ ഇൻഡ്യായുടെ ഡെലിഗേററ് അപ്പസ്തോലിക്ക മോൺസിഞ്ഞോർ സലേസ്സി മെത്രാപ്പോലീത്താ അവർകളിൽ നിന്നു ടി ആണ്ടു തുലാമാസം ൨൫-ാംനു മെത്രാഭിഷേകം കൈക്കൊൾകയും ചെയ്തു.

ഇദ്ദേഹം മെത്രാസ്ഥാനമേറ്റിട്ട് ഇപ്പോൾ (൧൯൨൦) ൨൪ വർഷമായിരിക്കുന്നു. ഇതിനിടയ്ക്കുള്ള തന്റെ ഭരണം ഏറ്റവും തൃപ്തികരമായിട്ടുള്ളതാണെന്നു ഇദ്ദേഹം തന്റെ വിശ്വാസജനങ്ങൾക്കും മേലധികാരികൾക്കും ബോധ്യപ്പെട്ടിട്ടുണ്ട്. ഇദ്ദേഹം ഇനിയും ചിരകാലം ആരോഗ്യദൃഢഗാത്രനായി ജീവിച്ചിരിപ്പാൻ സർവ്വേശ്വരനെ പ്രാർത്ഥിച്ചുകൊള്ളുന്നു.